**അടിയന്തരപ്രമേയം**

മി. സ്പീക്കർ: അട്ടപ്പാടിയിലെ ആദിവാസി ഊരുകളിലെ അമ്മമാരും പിഞ്ചുകുട്ടികളും ഗുരുതരമായ പോഷണ വൈകല്യത്തിലകപ്പെടുകയും നവജാത ശിശുക്കൾ മരണപ്പെടുകയും ചെയ്തിരിക്കുന്നു. ആരോഗ്യ സുരക്ഷാ പദ്ധതികൾ അട്ടിമറിക്കപ്പെട്ടതിനെത്തുടർന്ന് വകുപ്പുതലത്തിൽ ഏകോപിച്ച പ്രവർത്തനങ്ങൾ ഇല്ലാതായതുമൂലം ആദിവാസി കുടുംബങ്ങളിൽ ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എ. കെ. ബാലൻ, വി. എസ്. സുനിൽ കുമാർ, മാത്യൂ റ്റി. തോമസ്, കോവൂർ കുഞ്ഞുമോൻ, തോമസ് ചാണ്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

**അട്ടപ്പാടിയിലെ ആദിവാസി ഊരുകളിലെ ദുരിതങ്ങൾ**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അട്ടപ്പാടിയിൽ പോഷകാഹാര ക്കുറവിന്റെ അടിസ്ഥാനത്തിൽ നവജാത ശിശുക്കൾ മരണപ്പെട്ട വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2007 മുതൽ ആ പ്രക്രിയ തുടർന്ന് വന്നിരുന്നു. ഈ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ആവ ശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അത് നിർഭാഗ്യകരമായ ഒരു സംഭവമായിപ്പോയി. പ്രത്യേകിച്ച്, കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഒരി ക്കലും ഉണ്ടാകാൻ പാടില്ലാത്തതായിരുന്നു. പക്ഷേ അവിടെത്ത ചില പ്രത്യേ കമായ സാഹചര്യങ്ങൾ, പ്രത്യേകിച്ച് സ്ത്രീകൾ ഗർഭിണികളായിരിക്കുന്ന

അവസരത്തിൽ വേണ്ടത്ര പോഷകാഹാരം കഴിക്കാത്തതിന്റെ അടിസ്ഥാന ത്തിൽ വന്നിട്ടുള്ള പ്രശ്നമാണ്. മരിച്ച നവജാത ശിശുക്കളിൽ നല്ലൊരു പങ്കും മാസം തികയാതെ പ്രസവിച്ചിട്ടുള്ള കുട്ടികളും വളരെ വെയിറ്റ് കുറഞ്ഞ കുട്ടി കളുമാണെന്ന് കണ്ടെത്തി. ആരോഗ്യ രംഗത്ത് ചെയ്യാവുന്ന എല്ലാ നടപടി കളും ഇതിനോടകംതന്നെ സ്വീകരിച്ചു. അവർക്ക് പോഷകാഹാരം നൽകുന്ന തിനുള്ള സംവിധാനം, ഇപ്പോൾ റേഷൻ കൊടുത്തുകൊണ്ടിരിക്കുന്നു. . ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്ന സമയത്ത് അവർ അരിയെ ക്കാൾ കൂടുതൽ റാഗി ഇഷ്ടപ്പെടുന്നുവെന്ന് പറഞ്ഞു. ഇപ്പോൾ റാഗിയുടെ പ്രൊക്യൂർമെന്റ്. എഫ്.സി.ഐ.-ക്കില്ല. എന്നാൽപ്പോലും കേന്ദ്രഗവൺമെന്റി നോട് സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി ആവശ്യപ്പെട്ടതനുസരിച്ച് റാഗി പ്രൊക്യൂർ ചെയ്ത് ലഭിച്ചു. അതനുസരിച്ച് അവിടെ റാഗി വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ട്. നിലവിലുള്ള റേഷന് പുറമേ അവിടെ റാഗി കൊടുക്കുന്നതി നുള്ള സംവിധാനവുമുണ്ടാക്കിയിട്ടുണ്ട്. ഒരു സീനിയർ ഐ.എ.എസ്. ഉദ്യോസ്ഥനായി റിട്ടയർ ചെയ്ത ശ്രീ. എസ്. സുബ്ബയ്യനെ അതിന്റെ മുഴുവൻ കാര്യങ്ങളും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുവേണ്ടി ചുമതലപ്പെടുത്തി. ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ ആരോഗ്യ വകുപ്പു മന്ത്രി, സോഷ്യൽ ജസ്റ്റിസ് വകുപ്പ് മന്ത്രി, പട്ടികവർഗ്ഗ ക്ഷേമവകുപ്പുമന്ത്രി എന്നീ മൂന്ന് മന്ത്രിമാരും അവിടെ സന്ദർശിക്കുകയും അവിടെയുള്ള ജനപ്രതി നിധികളുമായും വിവിധ ഉദ്യോഗസ്ഥന്മാരുമായും ചർച്ച ചെയ്ത് എടുക്കേണ്ട ചില തീരുമാനങ്ങളെടുക്കുകയും അതിനെത്തുടർന്ന് ക്യാബിനറ്റ് കൂടി ഇവ രുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു. അവിടെനിന്ന് ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും സംബന്ധിച്ച നടപടികളെടുത്തതിനെത്തുടർന്നാണ് ശ്രീ. സുബ്ബയ്യൻ എന്ന റിട്ടയേർഡ് ഐ.

എ.എസ്. ഓഫീസറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചത്. അതുപോലെ ആരോഗ്യ പ്രവർത്തനങ്ങളുടെ കോ-ഓർഡിനേഷനുവേണ്ടി ഡോ. പ്രഭുദാസിനെ പോസ്റ്റുചെയ്യുകയും അദ്ദേഹം അവിടെ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട്. സംഭവം നടന്ന മൂന്ന് പഞ്ചായത്തുകളിലെ ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളിൽ 75 തസ്തികകൾകൂടി അധികമായി വേണമെന്ന് ആവശ്യപ്പെട്ടു. ഈ 75 തസ്തികളും ഗവൺമെന്റ് സാങ്ഷൻ ചെയ്യുകയും അവരെ നിയമിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇപ്പോൾ അഹാർഡ്സിന്റെ പ്രവർത്തനം അവിടെ നിലച്ചിരിക്കുകയാണ്. അഹാർഡ്സിൽ ആദിവാസികളായ 91 പേർ ജോലി ചെയ്തിരുന്നു അവർക്ക് ജോലി നൽകണമെന്ന നിർദ്ദേശം വന്നതിനെത്തുടർന്ന് 91 പേർക്കും പോസ്റ്റിംഗ് കൊടുത്തിട്ടുണ്ട്. വനം വകുപ്പിൽ അനുവദിച്ചിട്ടുള്ള പോസ്റ്റുകൾക്ക് against ആയിട്ടാണ് അവരെ നിയമിച്ചിരിക്കുന്നത്. ഇപ്പോൾ അട്ടപ്പാടി പാക്കേജിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് അവർ പ്രവർത്തിക്കുന്നത്. അതുപോലെ പോഷകാഹാരക്കുറവിന്റെ സാഹചര്യങ്ങൾ മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ അഗളി സി.എച്ച്.സി.യിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഇന്നുമുതൽ ആരംഭിക്കുകയാണ്. അതുപോലെ ആദിവാസി കുടുംബങ്ങളുടെ 10182 റേഷൻ കാർഡുകളിൽ 9841 കാർഡുകളും ബി.പി.എൽ കാർഡുകളാക്കിയിട്ടുണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥരും ഇൻകം ടാക്സ് കൊടുക്കുന്നവരുമൊഴികെയുള്ള ആദിവാസികൾക്ക് ബി.പി.എൽ കാർഡ് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആദിവാസി കുടുംബങ്ങൾക്കെല്ലാം 10 കിലോ

അരിയും 2 കിലോ പയറും ആദ്യം നൽകിയിരുന്നു. അതിനുശേഷം നാല് മാസത്തേക്ക് ആദിവാസി കുടുംബങ്ങൾക്ക് ലഭിക്കുന്ന റേഷനു പുറമെ 10 കിലോ റാഗിയും 2 കിലോ ചെറുപയറും നൽകുന്ന ഒരു പുതിയ സിസ്റ്റം കൊണ്ടുവന്നിട്ടുണ്ട്. ഇത് ഒരു മാസത്തേത് കൊടുത്തു കഴിഞ്ഞു. റാഗി കാര്യ മായി കൃഷിയില്ലാത്തതിനാൽ പുറത്തുനിന്നും ലഭിക്കേണ്ടതുണ്ട്. കേന്ദ്രമന്ത്രി പ്രൊഫ. കെ.വി.തോമസ് തിരുവനന്തപുരത്ത് കൂടിയ അവലോകന യോഗ ത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം 4 മാസത്തേയ്ക്ക് റാഗി കളക്ട് ചെയ്ത് നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി 153 ലക്ഷം രൂപ അലോട്ട് ചെയ്തിട്ടുണ്ട്. ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത കാര്യമാണ് അട്ടപ്പാടിയിൽ സംഭവിച്ചത്. അവിടത്തെ ചില പ്രത്യേക സാഹചര്യങ്ങളിൽ സംഭവിച്ചതാണ്. അത് ആവർത്തിക്കാതിരിക്കാൻവേണ്ടി മനുഷ്യസാദ്ധ്യമായ എല്ലാ നടപടി കളും സ്വീകരിക്കും. കേന്ദ്രഗവൺമെന്റിൽ ഈ വിവരം അറിയിച്ചതിനെത്തു ടർന്ന് കേന്ദ്ര ഗ്രാവികസന വകുപ്പുമന്ത്രി ശ്രീ. ജയറാം രമേഷ് ഒരു ദിവസം മുഴുവനും അട്ടപ്പാടിയിൽ ചെലവഴിക്കുകയും വളരെ സുപ്രധാനങ്ങളായ അനൗൺസ്മെന്റുകൾ അവിടെ നടത്തുകയും ചെയ്തിട്ടുണ്ട്. അതൊരു സ്പെഷ്യൽ പാക്കേജായിത്തന്നെ നടപ്പിലാക്കാമെന്ന് അദ്ദേഹം സമ്മതിച്ചി ട്ടുണ്ട്. കേരളത്തിലെ സീനിയർ ഐ.എ.എസ് ഉദ്യോഗസ്ഥനായ കേന്ദ്ര റൂറൽ ഡെവലപ്മെന്റ് മിനിസ്ട്രിയിൽ വർക്ക് ചെയ്യുന്ന ശ്രീ വിജയാനന്ദിന്റെ നേതൃത്വത്തിൽ ഒരു ടാസ്ക് ഫോഴ്സ് അട്ടപ്പാടിയിൽ പ്രവർത്തിക്കും. ശ്രീ.വിജയാനന്ദ് ഇടയ്ക്കുവന്ന് ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കാനും ടാസ്ക് ഫോഴ്സിലെ മെമ്പർമാരെല്ലാം അട്ടപ്പാടി

യിൽ താമസിച്ച് ഈ പാക്കേജ് വിജയകരമായി നടത്താനുമാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. കുടുംബശ്രീ മുഖേന അവിടത്തെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുവേണ്ടി 50 കോടി രൂപ ശ്രീ. ജയറാം രമേഷിന്റെ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ കാർഷിക രംഗത്ത് ആദിവാസി സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള വിവിധ പരിപാടികൾക്ക് 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അവിടെ ഐ.എ.വൈ ഭവനങ്ങൾക്കായി 12 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു. അട്ടപ്പാടിയിലെ കാർഷിക പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തി. ആദിവാസികളായ കർഷകർ അവരുടെ ഭൂമിയിൽ ജോലി ചെയ്യുന്ന ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പങ്കെടുത്തതായി കണക്കാക്കി അവർക്ക് തൊഴിലുറപ്പ് പദ്ധതിയുടെ വേതനം ലഭിക്കത്തക്കവിധത്തിലുള്ള സംവിധാനം ആ സ്കീമിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽനിന്ന് 250 ആദിവാസി യുവതികളെയും 250 ആദിവാസി ചെറുപ്പക്കാരെയും തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകിയാൽ അവർക്ക് ഇന്ത്യയുടെ വിവിധഭാഗങ്ങളിലായി സ്ഥിരമായ ജോലി നൽകുന്ന ഒരു സ്കീം അന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പല ഊരുകളിലേക്ക് പോകാനും രോഗികളെ ആശുപത്രിയിലെത്തിക്കാനും റോഡ് സൗകര്യമില്ലാത്തതിനാൽ ബുദ്ധിമുട്ടാണെന്ന് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പി.എം.ജി.എസ്.വൈ സ്കീമിൽ ഉൾപ്പെടുത്തി 30 കിലോമീറ്റർ റൂറൽ റോഡുകൾ ഡെവലപ് ചെയ്യാൻ തീരുമാനിച്ചു. കേന്ദ്ര ഗവൺമെന്റ് വളരെയധികം സഹായകരമായ സമീപനം ഇക്കാര്യത്തിൽ നൽകാമെന്ന് സമ്മതിച്ചതിൽ വളരെ

സന്തോഷമുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ കൂട്ടായി പ്രവർത്തിച്ച് അവിടെയുള്ള ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും സഹകരണത്തോടുകൂടി സംസ്ഥാനത്തിന്റെ പൊതുവായ ഒരു പ്രശ്നം എന്ന നിലയിൽ ഈ വിഷയം കൈകാര്യം ചെയ്യാനും ഇതിന് പരിഹാരാമുണ്ടാക്കാനും ശ്രമിക്കും എന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, മനുഷ്യ സഹജമായ കാര്യങ്ങളെല്ലാം അട്ടപ്പാടിയിൽ ചെയ്യുമ്പോഴും ആദിവാസി കുട്ടികളുടെ മരണം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ മാനന്തവാടിയിൽ തൊണ്ടർനാട് പഞ്ചായത്തിൽ പെരിഞ്ചേർമലയിലെ നടുവന്റെ മകൻ ബാബു (34) ഭക്ഷണം കിട്ടാതെ, കഞ്ഞിവെള്ളം കിട്ടാതെ മരിച്ച വാർത്ത ഇന്നത്തെ പത്രത്തിലുണ്ട്. ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ ജില്ലയിൽ 125 ആദിവാസികൾ ഇതിനകം മരണപ്പെട്ടു. എന്നാൽ ട്രൈബൽ പ്രൊമോട്ടേഴ്സിനെപ്പോലും ഇതുവരെ നിയമിച്ചിട്ടില്ല. ബഹുമാനപ്പെട്ട അടൂർ പ്രകാശിന്റെ മണ്ഡലമായ പത്തനംതിട്ട ജില്ലയിലെ കോന്നി മണ്ഡലത്തിൽ കൊക്കാത്തോട് വനപ്രദേശത്ത് ആദിവാസി കോളനിയിലെ സുധ എന്ന പെൺകുട്ടിക്ക് പ്രവസവവേദന അനുഭവപ്പെട്ടപ്പോൾ ഭർത്താവ് അവരെ പുതപ്പിനുള്ളിൽ കെട്ടി 40 കിലോമീറ്റർ പുറത്ത് ചുമന്ന് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എത്തിക്കുകയും അവിടെനിന്നും കോട്ടയം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോവുകയും പോഷകാഹാരക്കുറവുമൂലം ഗർഭസ്ഥശിശു മരണപ്പെട്ടുവെന്ന് ഡോക്ടർമാർ സർട്ടിഫൈ ചെയ്യുകയും ചെയ്ത വാർത്ത ഇന്നത്തെ എല്ലാ പത്രങ്ങളിലും വന്നതാണ്. പോഷകാഹാരക്കുറവുമൂലം 21 കുട്ടികൾ മരിച്ചത് ബഹുമാനപ്പെട്ട പട്ടികജാതി- പിന്നോക്ക

സമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലാണ്. ചേനപ്പടി കോളനിയിലും കൂട്ടമരണം സംഭവിക്കാനുള്ള സാധ്യതയുണ്ട്. ഈ രൂപത്തിൽ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും, അക്ഷരാർത്ഥത്തിൽ ആദിവാസി കൂട്ടമരണത്തിനുള്ള എല്ലാ സാധ്യതയുമാണ് ഇപ്പോഴുമുള്ളത്. അട്ടപ്പാടിയിലെ അതിദാരുണമായ ശിശുമരണങ്ങൾ പുറം ലോകം അറിഞ്ഞതിനുശേഷം കുറെ ദിവസങ്ങൾ കഴിഞ്ഞ് നിയമസഭാ സമ്മേളനത്തിന് മൂന്ന് ദിവസം മുമ്പാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ പ്രദേശം സന്ദർശിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെപറഞ്ഞ കാര്യങ്ങൾ ഇനി നടപ്പിലാക്കാൻ പോകുന്നവയാണ്. ഇതിലേക്ക് നയിച്ച കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. കഴിഞ്ഞ ഒന്നര വർഷത്തിനുള്ളിൽ 51 ആദിവാസി കുട്ടികൾ പോഷകാഹാരം ലഭിക്കാതെ അവിടെ മരണപ്പെട്ടു. ഇത് ഔദ്യോഗികമായിട്ടുള്ള കണക്കാണ്. യഥാർത്ഥത്തിൽ 230-ഓളം കുട്ടികൾ അവിടെ മരണപ്പെട്ടു. അട്ടപ്പാടിയിലെ ആകെ ജനസംഖ്യ 70000 ആണ്. അതിൽ 30000 ആദിവാസികളാണ്. വിവരാവകാശ നിയമപ്രകാരം ചോദിച്ച ചോദ്യത്തിന് കഴിഞ്ഞ ഏപ്രിൽ മാസം വരെ 894 ആദിവാസികൾ മരണപ്പെട്ടതായാണ് പറഞ്ഞിരിക്കുന്നത്. അതിനുശേഷം 200 ഓളം പേർ മരണപ്പെട്ടു. ഇത് സൂചിപ്പിക്കുന്നത് ഒരു ഗോത്രസമൂഹത്തിന്റെ വംശനാശം ആസന്നമായിരിക്കുന്നു എന്നാണ്. അട്ടപ്പാടിയിൽ ഔദ്യോഗിക കണക്ക് പ്രകാരം 578 ഗർഭിണികൾ, 501 മുലയൂട്ടുന്ന അമ്മമാർ, 3900 കൗമാരപ്രായക്കാരായ പെൺകുട്ടികൾ, 3 വയസിനും 6 വയസിനുമിടയിലുള്ള 5969 കുട്ടികൾ എന്നിങ്ങനെ പതിനായി

രത്തിൽപ്പരം ആദിവാസികൾ പ്രത്യേക പരിഗണന അർഹിക്കുന്നവരാണ്. ഇത് സൂചിപ്പിക്കുന്നത് ശക്തമായ ഇടപെടൽ ഇനിയും വൈകിയാൽ ആദിവാസിക ളുടെ മൂന്നിൽ ഒരു ഭാഗം മരണപ്പെടുമെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യുടെ പര്യടനംകൊണ്ട് ഇപ്പോഴെങ്കിലും എന്തെങ്കിലും പ്രതീക്ഷിക്കാമോ എന്നതാണ് കേരളത്തിലെ പാവപ്പെട്ട അധ:സ്ഥിത വിഭാഗം ചോദിക്കുന്നത്. എത്ര അലംഭാവമാണ് യു.ഡി.എഫ് ഗവൺമെന്റ് ഇക്കാര്യത്തിൽ കാണിച്ചത്? നിയമസഭയുടെ ആറാം സമ്മേളനത്തിൽ 12-12-2012-ന് നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76-ൽ അട്ടപ്പാടിയുൾപ്പെടെ ആദിവാസി മേഖലയിൽ ദാരിദ്ര്യവും പോഷകാഹാരക്കുറവുംമൂലം അകാല മരണം വർദ്ധിച്ചുവരുന്ന വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് ഞാനും ശ്രീ. എം. ഹംസയും ശ്രീ. പി. റ്റി..എ റഹീമും പ്രൊഫ. സി. രവീന്ദ്രനാഥുംകൂടി ചോദിച്ച ചോദ്യ ത്തിന് ബഹുമാനപ്പെട്ട മന്ത്രി കുമാരി പി.കെ. ജയലക്ഷ്മിയുടെ മറുപടി 'ശ്രദ്ധ യിൽപ്പെട്ടിട്ടില്ല' എന്നായിരുന്നു. ഇതേക്കുറിച്ച് അന്വേഷണം നടത്തിയി ട്ടുണ്ടോയെന്ന ചോദ്യത്തിന് ഉത്തരം 'ഇല്ല' എന്നായിരുന്നു. ഇതേ ചോദ്യം തന്നെ അഞ്ചാം സമ്മേളനത്തിൽ 06-07-2012-ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5609 ആയി ചോദിച്ചപ്പോഴും മന്ത്രിയുടെ മറുപടി മരണം ശ്രദ്ധ യിൽപ്പെട്ടിട്ടില്ല, അങ്ങനെയൊന്നും അവിടെ സംഭവിച്ചിട്ടില്ല എന്നായിരുന്നു. പട്ടികവർഗ്ഗ വിഭാഗവും വകുപ്പും തമ്മിലുള്ള അകൽച്ചയാണ് അവിടെ സൂചി പ്പിക്കുന്നത് ഇതിനുശേഷമാണ് പത്രവാർത്തകൾ വരുന്നത്. 09-04-2013-നാണ് ഇംഗ്ലീഷ് ദിനപ്പത്രമായ ഹിന്ദു ഇതിന്റെ വിശദമായ വിവരം ലോകത്തെ അറിയിച്ചത്. അതിനുശേഷം കേരളത്തിലെ എല്ലാ പത്രങ്ങളും ഇതുസംബ

ന്ധിച്ച് നല്ല രീതിയിൽ പ്രസിദ്ധീകരിച്ചു. മലയാള മനോരമയുടെ മുഖപ്രസംഗം - 'അട്ടപ്പാടിയുടെ നിലവിളി കേൾക്കുക' എന്നായിരുന്നു. പൂമ്പാറ്റകളുടെ താഴ്‌വരയായ അട്ടപ്പാടി പ്രദേശം ആദിവാസി കുഞ്ഞുങ്ങളുടെ മരണ താഴ്‌വര യായി മാറിയിരിക്കുകയാണ്. അട്ടപ്പാടിയിൽ ആദിവാസി സമൂഹത്തിൽ പിറ ന്നുവീഴുന്ന കുഞ്ഞുങ്ങളിൽ പലതും ജീവൻ നിലനിർത്താൻ ആവശ്യമായ ആരോഗ്യം ഇല്ലാത്തതായിരുന്നു. എല്ലും തോലുമായ അവരിൽ ചിലർ ദിവസ ങ്ങൾക്കുള്ളിൽത്തന്നെ മരിക്കുന്നതിന് കാരണം പോഷകാഹാരക്കുറവും വിളർച്ചയുമാണ്. ഇതൊരു മുഖപ്രസംഗം മാത്രമാണ്. അതിനുശേഷവും ഗവൺമെന്റ് ശ്രദ്ധിച്ചിട്ടില്ല. 'അട്ടപ്പാടിയിൽ ഇനി കണ്ണുനീർ വീഴരുത്' എന്ന് അതേ പത്രം രണ്ടാമതും എഴുതി. ആ പത്രത്തെ ഞാൻ പ്രത്യേകിച്ച് പറയു ന്നത്, എല്ലാ വിധത്തിലും ഈ ഗവൺമെന്റിനെ പിന്താങ്ങുന്ന പത്രമായതുകൊ ണ്ടാണ്. പോഷകാഹാരക്കുറവുമൂലം നവജാത ശിശുക്കൾ മരിക്കുന്ന അട്ട പ്പാടിയിലെ ആദിവാസി ഊരുകളിൽ നെഞ്ചുപൊട്ടിക്കരയുന്ന അമ്മമാരുടെ എണ്ണം വർദ്ധിക്കുകയാണ്. ക്ഷയവും അനുബന്ധ രോഗങ്ങളും ബാധിച്ച് മെലിഞ്ഞുണങ്ങിയ കുട്ടികൾ കേരളത്തിന്റെ ദു:ഖമായി മാറുന്നുവെന്നാണ് വാർത്ത. അട്ടപ്പാടിയുടെ ഈ നിലവിളി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും കേട്ടോ എന്നുചോദിച്ചാൽ ഇല്ല. അട്ടപ്പാടി പ്രൊജക്ട് ഓഫീ സർ എസ്.ടി. ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നത് 5-4-2013-നാണ്. അപ്പോൾതന്നെ 13 പേർ മരിച്ചുകഴിഞ്ഞിരുന്നു. 20 ദിവസത്തിനുശേഷമാണ് 25-4-2013-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാക്കേജ് പ്രഖ്യാപിക്കുന്നത്. പാക്കേജിന്റെ ഭാഗമായി അടിയന്തര നടപടി സ്വീകരിച്ചോ; ഇല്ല. പിന്നീട് പാക്കേജിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ ക്യാബിനറ്റ് ചേരുന്നത് 29-5

-2013-നാണ്. അപ്പോഴേയ്ക്കും 35 ദിവസങ്ങൾ കഴിഞ്ഞു. ക്യാബിനറ്റ് തീരുമാനം ഫലപ്രദമായി നടപ്പിലാക്കിയോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം. ഇതിനേക്കാൾ വേഗത ഒച്ചിന്റെ വേഗതയല്ലേ? ഇതിനിടയിൽ 21 -4-2013-നും മെയ് മാസം 8, 9 തീയതികളിലും മിക്കവാറും ആദിവാസി ഊരുകളിൽ ഞാൻ പോയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ രണ്ട് കത്തുകൾ കൊടുത്തിരുന്നു. ആ രണ്ട് കത്തുകൾക്കും ഇതുവരെ എനിക്ക് മറുപടി കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. മുല്ലക്കര രത്നാകരൻ, മറ്റുപ്രതിപക്ഷ നേതാക്കൾ, സി.പി.എം. സംസ്ഥാന സെക്രട്ടറി തുടങ്ങിയവരെല്ലാം ആദിവാസി ഊരുകൾ സന്ദർശിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ച ആളുകൾ പോകുന്നതിനുമുമ്പാണ് ഇവരെല്ലാം ഊരുകൾ സന്ദർശിച്ചത്. ഞങ്ങൾ ഇതിന്റെ ഭാഗമായി 22 ടൺ അരിയും 1.5 ടൺ പയറും 3900 വീടുകളിൽ എത്തിച്ചു. 8 മെഡിക്കൽ ക്യാമ്പുകൾ ഞങ്ങൾ നടത്തി. ഡോ. ഇക്ബാലിന്റെ നേതൃത്വത്തിൽ ഒരു സംഘം ഊരുകൾ സന്ദർശിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് കൊടുത്തു. ഞങ്ങൾ ഇതിനെ രാഷ്ട്രീയമായി കണ്ടിട്ടില്ല. എന്താണ് ഈ അവസ്ഥയ്ക്ക് കാരണം? ഞാൻ ചോദ്യോത്തരവേളയിൽ വകുപ്പുകൾ തമ്മിലുള്ള യോജിപ്പില്ലായ്മ സംബന്ധിച്ച് ഒരു ചോദ്യം ചോദിച്ചിരുന്നു. അതിവിടെ പ്രകടമല്ലേ? ആദിവാസി ഫണ്ട് വിവിധ ഏജൻസികൾ വഴിയാണ് ചെലവഴിക്കുന്നത്. ഏതെങ്കിലും ഒരുദ്യോഗസ്ഥൻ വകുപ്പുതലത്തിൽ ഇതിനെ യോജിപ്പിക്കാൻ റിവ്യൂ നടത്തിയിരുന്നോ; പട്ടിക വർഗ്ഗം, ആരോഗ്യം, പഞ്ചായത്ത്, സാമൂഹ്യനീതി, ഗ്രാമവികസനം, സിവിൽ സപ്ലൈസ്, ഫോറസ്റ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ

തമ്മിൽ ഏതെങ്കിലും വിധത്തിലുള്ള യോജിപ്പുണ്ടായിരുന്നോ? ഈഗോയുടെ മൂർത്തിമത്ഭാവമല്ലേ ഉദ്യോഗസ്ഥന്മാർക്കുള്ളത്? ഈ പാവപ്പെട്ട ജനവിഭാഗ ത്തിന് കൊടുക്കേണ്ട ടി.എസ്.പി. ഫണ്ടിന്റെ 50 ശതമാനം പോലും അവിടെ യുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുണ്ടോയെന്ന് ആരെങ്കിലും റിവ്യൂ ചെയ്തോ; അതിന് വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിമാർക്ക് സമയം ഉണ്ടായിരുന്നോ? ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ, തന്റെ വകുപ്പിന് വീഴ്ച പറ്റിയെന്ന് തുറന്നുപറഞ്ഞു. ഐ.ടി. ഡി.പി. ഗ്രാമവികസനത്തിന്റെ കീഴിലായതുകൊണ്ട് ഫണ്ട് വിനിയോഗിക്കാൻ കഴിയുന്നില്ല. 28-09-2011-ലെ നക്ഷത്ര ചിഹ്നമിടാത്ത 861-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മി മറു പടി പറഞ്ഞത്, പട്ടികവർഗ്ഗ വകുപ്പിന്റെ ഐ.ടി.ഡി.പി..ഫണ്ട് ഗ്രാമവികസന ത്തിന്റെ കീഴിലാണെന്നാണ്. ഇത് ഗ്രാമവികസന വകുപ്പിൽ നിന്ന് മാറ്റണ മെന്ന് കഴിഞ്ഞ നിയമസഭയിൽ ഞാൻ പറഞ്ഞതാണ്. ഫണ്ട് ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം ഗ്രാമവികസന വകുപ്പിന്റെ കീഴിലായതാണ്. ടി. എസ്.പി. ഫണ്ട് വിനിയോഗം നടക്കാതിരുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്; വകപ്പുകൾ മുറിച്ച് കക്ഷണമാക്കിയതിന്റെ ഫലമല്ലേ ഇത്? സാമൂഹ്യ നീതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ - 3 വയസ്സുമുതൽ 9 വയസ്സു വരെയുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവരുടെ പോഷകാഹാരം ഉറപ്പുവരുത്തേണ്ട അംഗനവാടികൾ ആദിവാസി കോളനികളിൽ നിർജ്ജീവമായിരുന്നില്ലേ? ഇക്കാര്യങ്ങൾ സൂപ്പർവൈസ് ചെയ്യാൻ അവിടെ ആരെങ്കിലും ഉണ്ടായി രുന്നോ? 172 അംഗനവാടികളിൽ 138 സ്ഥലത്തും വിതരണം ചെയ്യുന്നത്

കാലാവധി കഴിഞ്ഞ, മാലിന്യമുള്ള റോട്ടൺ ന്യൂട്രിയൻഡ് ഫുഡാണെന്ന് ജില്ലാ സാമൂഹ്യ നീതി ആഫീസിൽ നിന്ന് സംസ്ഥാന സാമൂഹ്യ നീതി ഡയറക്ടർക്ക് ഒരു കൊല്ലം മുമ്പ് കത്തയച്ചതല്ലേ; അതുസംബന്ധിച്ച് എന്തെങ്കിലും നടപടിയെടുത്തോ? ഇതിന്റെ ഭാഗമായി അവിടെയുള്ള കുട്ടികൾ വയറിളക്കവും ഛർദ്ദിയും വന്ന് മരണപ്പെടുന്നു. ഒരു സ്വകാര്യ ഏജൻസി, സൊസൈറ്റിയുടെ പേരിലാണ് ന്യൂട്രിയൻഡ് ഫുഡ് കൊടുക്കുന്നത്. സോഷ്യൽ ജസ്റ്റിസ് ഡയറക്ടർ പറഞ്ഞത്, അതൊരു ഇമേജിനറി ഷോപ്പാണെന്നാണ്. യഥാർത്ഥത്തിൽ ഈ ഭക്ഷണം എവിടെ നിന്നോ ഉണ്ടാക്കിക്കൊടുക്കുന്നു. പോഷകാഹാര വിതരണത്തിന് 50 ശതമാനം പഞ്ചായത്ത് വകുപ്പും 50 ശതമാനം സാമൂഹ്യനീതി വകുപ്പും കൊടുക്കണം. സാമൂഹ്യനീതി വകുപ്പ് 70 ലക്ഷം രൂപ കൊടുത്തു. പഞ്ചായത്ത് വകുപ്പ് 6 ലക്ഷം രൂപയും കൊടുത്തു. 1 കോടി 40 ലക്ഷം രൂപയ്ക്കുപകരം 76 ലക്ഷം രൂപ കൊടുത്തു. പകുതി പോഷകാഹാരം കൊടുത്തു. എന്തുകൊണ്ടാണ് പഞ്ചായത്തിന്റെ വിഹിതം 70 ലക്ഷം രൂപയ്ക്കുപകരം 6 ലക്ഷം രൂപയായിപ്പോയത്. ഇതുപ്രകാരം ഒരു കുട്ടിക്ക് ഭക്ഷണം കൊടുക്കാൻ തന്നെ 12 രൂപ വേണം. ഗവൺമെന്റ് കൊടുക്കുന്നത് 4 രൂപയാണ്. പാക്കേജിന്റെ ഭാഗമായി മുഖ്യമന്ത്രി പ്രഖ്യാപിച്ചത് ബാക്കിയുള്ള കാശ് അംഗനവാടി ഹെൽപ്പർമാരും ടീച്ചർമാരും എടുക്കക്കട്ടെയെന്നാണ്. അവരുടെ ശമ്പളം തന്നെ വളരെ തുച്ഛമാണ്. അതിൽ നിന്ന് കാശെടുത്ത് പോഷകാഹാരം കൊടുക്കാൻ കഴിയുമോ? ഇതിന്റെ ഫലമായി പാലും മുട്ടയും കൊടുക്കുന്നതായി കള്ളക്കണക്കുണ്ടാക്കുന്നുവെന്ന് അങ്ങ് നിയമിച്ച സ്പെഷ്യൽ ഓഫീസർ, റിട്ടേർഡ് ഐ.എ.എസ്. ഉദ്യോഗസ്ഥൻ ശ്രീ. സുബയ്യൻ കണ്ടുപിടിച്ചു. പാക്കേജ് പ്രഖ്യാപിച്ചതിനുശേഷമുള്ള സ്ഥിതി

യാണ് ഞാൻ പറയുന്നത്. സർക്കാർ പ്രഖ്യാപിച്ച അളവിൽ സിവിൽ സപ്ലൈസ് ഭക്ഷ്യധാന്യം കൊടുക്കുന്നുണ്ടോ; നൽകുന്നത് തന്നെ ആദിവാസി കൾക്ക് കഴിക്കാൻ പറ്റുമോ? പൂതൂർ പഞ്ചായത്തിലെ മേലേചാവടിയൂർ ഊരിൽ ഞാൻ പോയതാണ്. 24-ാം നമ്പർ റേഷൻ കടയിൽ ഒരു കിലോഗ്രാം ഗോതമ്പ് 10 രൂപയ്ക്കാണ് കൊടുക്കുന്നത്. ആദിവാസികൾക്ക് 5 കിലോഗ്രാം ഗോതമ്പ് 10 രൂപയ്ക്ക് കൊടുക്കേണ്ടതാണ്. ഇക്കാര്യം ഡി.ഡി.സി.യിൽ കൊണ്ടുവന്നപ്പോൾ ഡിസ്ട്രിക്ട് സപ്ലൈ ഓഫീസർ പറഞ്ഞത്, എ.പി.എൽ. കാർഡായതുകൊണ്ട് അദ്ദേഹത്തിന്റെ ഔദാര്യത്തിന് കൊടുക്കുന്നതാണെ ന്നാണ്. അര ലിറ്റർ മണ്ണെണ്ണ മിനിമം കൊടുക്കേണ്ടിടത്ത് മണ്ണെണ്ണയില്ല. ബി. പി.എൽ. ആണെങ്കിൽ മിനിമം രണ്ട് ലിറ്റർ മണ്ണെണ്ണ കൊടുക്കണം. ഇത് കൊടുക്കുന്നുണ്ടോ? ഇതിനുപുറമേ വൈദ്യുതിയും വിച്ഛേദിച്ചു. വീടുകളിൽ മണ്ണെണ്ണയും വൈദ്യുതിയും ഇല്ലാതായപ്പോൾ കൂരാകൂരിരുട്ടായി. അഹാർഡ്സിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയു ണ്ടായി. അഹാർഡ്സുമായി ബന്ധപ്പെട്ട് അങ്ങ് പ്രഖ്യാപിച്ച പാക്കേജിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നടപ്പിലാ ക്കാൻ കഴിഞ്ഞോ? എൽ.ഡി.എഫ്. ഭരണകാലത്ത് കേന്ദ്ര ഗവൺമെന്റിൽ നിന്ന് 148 കോടി രൂപ പ്രിമിറ്റീവ് ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഞങ്ങൾ നേടിയെടുത്തു. അതുമായി ബന്ധപ്പെട്ട് ഞങ്ങൾ പദ്ധതിയുണ്ടാക്കി. ആ പദ്ധതിയുടെ ആദ്യവർഷം 34 കോടി രൂപ നിങ്ങൾ ചെലവഴിക്കണം. അത് ഈ വകുപ്പ് ചെലവഴിച്ചോ? അതുമായി ബന്ധപ്പെട്ട നോഡൽ ഏജൻസിയായി അഹാർഡ്സിനെ വയ്ക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ചു. ഇതുവരെ നടപടി സ്വീകരിച്ചോ? അഹാർഡ്സ്

മുഖേന കിട്ടിയ പണം ഇല്ലാതായി. തൊഴിലുറപ്പ് പദ്ധതിയിൽ 365 ദിവസത്തിൽ 50 ദിവസമാണ് പാവപ്പെട്ട ആദിവാസികൾക്ക് ജോലി കിട്ടിയത്. ആ ജോലിയ്ക്കുള്ള കൂലി 25 ലക്ഷം രൂപ ഇതുവരെ കൊടുത്തിട്ടില്ല. അവരുടെ പാരമ്പര്യ ഭക്ഷണ സാധനങ്ങളായ റാഗിയും ഗോതമ്പും പഴവർഗ്ഗങ്ങളും പയർ വർഗ്ഗങ്ങളും അവർ വച്ചുപിടിപ്പിക്കുന്നുണ്ട്. അവിടെയെല്ലാം ഫോറസ്റ്റുകാർ കയ്യേറുകയാണ്. ആദിവാസികൾക്ക് വിളവെടുക്കാൻ കഴിയുന്നില്ല. ഫലത്തിൽ മുഴുപ്പട്ടിണിയാണ്. ആദിവാസികൾക്ക് പോഷകാഹാരം ഇല്ലതായത് ഇങ്ങനെയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ആരോഗ്യവകുപ്പ് സ്പെഷ്യാലിറ്റി ആശുപത്രികൾ ആരംഭിച്ചത്. കോട്ടത്തറയിലും പുതൂരിലും ഷോളയൂരിലും ഡോക്ടർമാർ ഉണ്ടായിരുന്നോ? രങ്കി എന്ന ആദിവാസി പെൺകുട്ടിക്ക് ഹൃദയസംബന്ധമായ അസുഖമുണ്ടായി. പുതൂർ, ഷോളയൂർ പഞ്ചായത്തുകളിൽ ഡോക്ടറില്ല, കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ എത്തിയെങ്കിലും അവിടെയും ഡോക്ടറുണ്ടായില്ല. ആശുപത്രി മുറ്റത്ത് ആ പെൺകുട്ടി ഹാർട്ട് അറ്റാക്കായി മരിച്ചു. ഇതുസംബന്ധിച്ച് അന്ന് എന്ത് നപടിയാണ് എടുത്തത്? വരൾച്ചാഘട്ടത്തിൽ കുടിവെള്ളം എത്തിക്കാൻ ബഹുമാനപ്പെട്ട അങ്ങ് തീരുമാനിച്ചല്ലോ. എന്നിട്ട് പഞ്ചായത്ത് വെള്ളമെത്തിച്ചോ? മേലേമൂഴിയിൽ ഞാൻ പോയതാണ്. പൂച്ചയും പട്ടിയും കുടിക്കുന്ന അതേ കുണ്ടിൽ നിന്നാണ് ആദിവാസികളും വെള്ളം കുടത്തിൽ എടുത്തുകൊണ്ട് പോകുന്നത്. അവിടെയുണ്ടായിരുന്ന വാട്ടർ സപ്ലൈ സ്കീമിൽ ചെറിയ മെയിന്റനൻസ് നടത്തിയാൽ മതിയായിരുന്നു. അതിന് ഗവൺമെന്റിന് കഴിഞ്ഞോ; ആദിവാസികളുടെ പാരമ്പര്യ ഭക്ഷണം പോഷക മൂല്യമുള്ളതാണ്. അവർക്ക് ബിരിയാണി കൊടുത്തിട്ട്

കാര്യമില്ല. അഗളി പഞ്ചായത്തിലെ നകുപതി, പുതൂർ, ഉമ്മത്താൻപടി ഊരുകളിൽ ഫോറസ്റ്റുകാർ കയറി പരിപൂർണ്ണമായും ആദിവാസികളെ അടിച്ചിറക്കുകയാണ്.

ഭൂമി സർവ്വെ അട്ടിമറിച്ചില്ലേ? ഭൂപ്രശ്നമല്ലേ ഇനിയുണ്ടാകാൻ പോകുന്നത്? എൽ.ഡി.എഫ്-ന്റെ കാലഘട്ടത്തിൽ 43 സർവ്വേയർമാരെ നിയമിച്ചു. ഭൂമി അളന്നു തിട്ടപ്പെടുത്താൻ പോക്കുവരവുണ്ടോ; തെക്കും വടക്കുമുണ്ടോ; കിഴക്കും പടിഞ്ഞാറുമുണ്ടോ; സർവ്വെ നടത്തിയിട്ടുണ്ടോ; ഈ ആദിവാസികളുടെ ഭൂമി കടന്നുകയറുകയല്ലേ ചെയ്യുന്നത്? എന്തിനുവേണ്ടിയാണ് അത് നിർത്തിവച്ചത്? ഇതിന്റെ ഭാഗമായി ഇനി ഭൂമിയില്ലാതാകാൻ പോകുകയാണ്. ഈ പാവങ്ങൾക്കിപ്പോൾ ഭൂമി, ഭക്ഷണം, തൊഴിൽ, വെള്ളം, വെളിച്ചം എന്നിവയൊന്നുമില്ല. ഒരു ഗോത്ര വിഭാഗം കൂട്ടത്തോടെ ഇല്ലാതാവുകയാണ്. ആദിവാസി എന്നറിഞ്ഞ് നരഹത്യയ്ക്ക് കൂട്ടുനിൽക്കുന്ന, ഒരു ഗോത്ര വിഭാഗത്തെ പൂർണ്ണമായും ഇല്ലാതാക്കുന്ന, അധഃസ്ഥിത വിഭാഗത്തോട് നീതി കാട്ടാത്ത, ഈ ഗവൺമെന്റിന് ഭരണഘടനാപരമായി നിലനിൽക്കാനുള്ള അവകാശമില്ല. ആർട്ടിക്കിൾ 6-ലെ 'Right to life' എന്താണ് മാൻഡേറ്റ് ചെയ്യുന്നത്? 'Every child has the inherent right to life article cease to mandate that, the state shall ensure to the maximum extent possible to the survival and the development of the child' ഭരണഘടനാ ലംഘനമല്ലേ നടത്തിയിരിക്കുന്നത്? പാവപ്പെട്ട ആദിവാസിക്കുട്ടിക്ക് ജീവിക്കാനുള്ള ജന്മാവകാശം നിഷേധിച്ച ആദിവാസി വംശത്തെ പരിപൂർണ്ണമായും ഇല്ലാതാക്കുന്ന ഒരു ദേശദ്രോഹ ഗവൺമെന്റിന്റെ പ്രതിനിധിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. കേരള

ത്തിലെ ജനതയോട് ഇതിന് മറുപടി പറയണം. അതുകൊണ്ട് ഇത് ജീവിക്കാനുള്ള അവകാശവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പോരാട്ടമാണ്. അത് ഈ നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അട്ടപ്പാടിയിലെ ആദിവാസി സമൂഹം... (ബഹളം)..... (ബഹളം)

മി. സ്പീക്കർ: യെസ്..... ഇങ്ങനെ നേരത്തെ സമയം അനുവദിച്ചിട്ടുണ്ട്. പ്ലീസ്... യെസ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അട്ടപ്പാടിയിലെ ആദിവാസി സമൂഹം അനുഭവിക്കുന്ന ഒരു പ്രത്യേക ആരോഗ്യ സാമൂഹിക പ്രശ്നമായി ഇതിനെ കാണണം. കഴിഞ്ഞ കുറെ വർഷങ്ങളായി ആദിവാസി സമൂഹത്തിനിടയിൽ ജീവിത ശൈലിയിലും മറ്റ് സാഹചര്യങ്ങളിലുമൊക്കെയായി വന്നിട്ടുള്ള ഗുരുതരമായ ഒരു ജീവൽ പ്രശ്നമാണ്. ഈ സഭയുടെ പ്രഥമ ദിവസംതന്നെ ഈ വിഷയം ചർച്ച ചെയ്യാനും സംസാരിക്കാനും സാഹചര്യമുണ്ടായി എന്നുള്ളത് വളരെ നല്ല കാര്യമാണ്. ഈ പ്രശ്നം രാഷ്ട്രീയമായി കാണുന്നത് ഒട്ടും ശരിയല്ല. അത് ഈ പ്രശ്നത്തോടുള്ള ആത്മാർത്ഥത കുറയ്ക്കും. എൽ.ഡി.എഫ് കാലത്താണോ യു.ഡി.എഫ്. കാലത്താണോ പ്രശ്നമുണ്ടായതെന്നു പറഞ്ഞ് ഇതിനെ രാഷ്ട്രീയവൽക്കരിക്കുന്നത് ശരിയല്ല. (ബഹളം)... ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ..... (ബഹളം)

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, കാര്യം പറയൂ..

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ റിപ്പോർട്ടുകൾ വന്നതുമുതൽ രണ്ട് മാസത്തിനുള്ളിൽ ഈ സർക്കാർ നടത്തിയ നടപടികൾ ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. (ബഹളം)... ഇപ്പോൾ ഈ വിഷയത്തെ നിയന്ത്രണവിധേയമാക്കാൻ സർക്കാരിന് സാധിച്ചി

ട്ടുണ്ട്. ഗർഭിണികളും നവജാത ശിശുക്കളും കർശനമായി പരിചരണത്തി ലാണ്. (ബഹളം)... എനിക്ക്....

മി. സ്പീക്കർ: നോ.. നോ... പ്ലീസ്.. പ്ലീസ്.... ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് അവിടത്തെ ജനപ്രതിനിധി എന്നുള്ള നിലയിൽ പറയാനുള്ള ഒരു വാചകം പറഞ്ഞിട്ട് ഇരിക്കേണ്ടതാണ്. പ്ലീസ്.. ബാക്കി മന്ത്രി പറയും..

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആദിവാസികൾക്ക് കൃഷി ചെയ്യാൻ ഭൂമി കൊടുക്കാനുള്ള നടപടികൾ ഉടൻ പൂർത്തീകരിക്കണം. .... (ബഹളം)... എന്നെ പറയാൻ സമ്മതിക്കണം..

മി. സ്പീക്കർ: അത് മുഖ്യമന്ത്രി പറയും. യെസ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, രണ്ടാമതായി മരണപ്പെട്ട ശിശുക്കളുടെ മാതാപിതാക്കൾക്ക് ധനസഹായം നൽകണം. ഇത്രയും കാര്യങ്ങളാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടാനുള്ളത്.

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്.. പ്ലീസ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇക്കാര്യത്തിൽ ഈ ഗവൺമെന്റ് ചെയ്തി ട്ടുള്ള കാര്യങ്ങൾ ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. ഇന്ന് ഇക്കാര്യങ്ങൾ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. (ബഹളം)

മി. സ്പീക്കർ: യെസ്.. ശ്രീ. എൻ. ഷംസുദ്ദീൻ.. ഇരിക്കൂ.. ഇവിടെ അടിയന്തര പ്രമേയം വന്നിട്ടുള്ള സന്ദർഭങ്ങളിൽ... നോ.. നിങ്ങൾ ഇങ്ങനെ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. നോ... (ബഹളം)... ഒച്ചയെടുത്തിട്ട് കാര്യമില്ല. നടപടിക്രമങ്ങൾ നോക്കിയാൽ മതി. അടിയന്തര പ്രമേയം അവത രിപ്പിക്കുമ്പോൾ അത് എതിർ കക്ഷിയിൽ നിന്ന് വരികയാണെങ്കിൽ അവിടെ പ്രതിനിധാനം ചെയ്യുന്ന എം.എൽ.എ.യ്ക്ക് സംസാരിക്കാൻ 2 മിനിട്ട് സമയം

അനുവദിക്കാറുണ്ട്. അത്രയേയുള്ളൂ. യെസ്.. യെസ്... ഇവിടെ നടപടിക്രമം തെറ്റിച്ച് ഒന്നും ചെയ്തിട്ടില്ല. (ബഹളം)........ അത്തരം കാര്യങ്ങൾ മന്ത്രിമാർ പറയുമെന്ന് ഞാൻ തന്നെ പറഞ്ഞു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. എ. കെ. ബാലൻ അട്ടപ്പാടിയിലെ പ്രശ്നങ്ങൾ പറയുന്നതിനുമുമ്പ് രണ്ടു കാര്യങ്ങൾ പറഞ്ഞു. ഒന്ന് വയനാട്ടിലെ ഒരു യുവാവ് പട്ടിണി കിടന്ന് മരിച്ച വിവരം. ഇന്ന് രാവിലെ പത്രത്തിൽ ആ വാർത്ത കണ്ടയുടനെ തന്നെ ഞാൻ ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ റിപ്പോർട്ട് എന്റെ കൈവശമുണ്ട്. അങ്ങേയ്ക്ക് വേണമെങ്കിൽ അതിന്റെ കോപ്പി തരാം. 'രണ്ടുദിവസമായി ആഹാരം കൊടുത്തിട്ട് കഴിച്ചില്ല, എല്ലാ ആഴ്ചയും കൃത്യമായി റേഷൻ വാങ്ങിയിട്ടുണ്ട്. 05-06-2013-നും റേഷൻ വാങ്ങി. ആഹാരം കൊടുത്തിട്ടും കഴിക്കാത്തതാണ് പട്ടിണിയെന്ന് വ്യാഖ്യാനിക്കപ്പെട്ടത് എന്ന് വ്യക്തമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വിനയമായി അത് റിപ്പോർട്ട് ചെയ്യുന്നു'. അദ്ദേഹം രോഗം മൂലം.... (ബഹളം)..

മി. സ്പീക്കർ: എന്താണ് പറയുന്നത്, ശ്രീ. എ. കെ. ബാലൻ സംസാരിച്ച 16 മിനിട്ട് ഇവിടെ പിൻഡ്രോപ്പ് സൈലൻസായിരുന്നു. ആരും അനങ്ങിയില്ല. മുഖ്യമന്ത്രിക്ക് മറുപടി പറയണ്ടേ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, വയനാട് ജില്ലാ കളക്ടർ എനിക്കു തന്നിരിക്കുന്ന റിപ്പോർട്ടാണിത്. ഇന്നു രാവിലെ പത്രത്തിലെ വാർത്ത കണ്ടപ്പോൾത്തന്നെ ഞാൻ റിപ്പോർട്ട് ആവശ്യപ്പെട്ടു. ഈ അടിയന്തര പ്രമേയം വരുമെന്ന് അറിഞ്ഞുകൊണ്ടല്ല, ഇങ്ങനെയൊരു സംഭവമുണ്ടായിട്ടുണ്ടെങ്കിൽ അതു വളരെ ഗൗരവമായി എടുക്കണമെന്ന് ബോധ്യപ്പെട്ടിട്ടുതന്നെയാണ്.

ഇന്നലെ രണ്ടുമണിക്കാണ് ഈ യുവാവ് മരിക്കുന്നത്. ഇന്നലെത്തന്നെ ട്രൈബൽ ഉദ്യോഗസ്ഥസംഘം കോളനിയിലെത്തി വ്യക്തമായ അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങളാണ് എന്നുപറഞ്ഞാണ് ഈ റിപ്പോർട്ട് തന്നിരിക്കുന്നത്. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാറിന്റെ നിയോജക മണ്ഡലത്തിലെ ചേനപ്പാടി കോളനിയിൽ 21 പേർ മരിച്ചെന്നാണ് ഇവിടെ പറഞ്ഞത്. ശ്രീ. എ.പി. അനിൽ കുമാറിനോട് ഞാൻ ചോദിച്ചപ്പോൾ ഒരാളുപോലും അവിടെ മരിച്ചിട്ടില്ല എന്നാണ് പറഞ്ഞത്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, മലപ്പുറം ജില്ലയിൽ പ്രത്യേകിച്ച് നിലമ്പൂർ മേഖലയിൽ 21 പേർ മരിച്ചുവെന്നുള്ളത് എന്റെ കണക്കല്ല, ഔദ്യോഗിക കണക്കാണ്. ഈ കോളനിയിൽ 10 കുടുംബങ്ങൾ വെള്ളത്തിലാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ആ സ്ഥലം സന്ദർശിച്ചതാണ്, നാലഞ്ച് ദിവസം കഴിഞ്ഞാൽ മരിക്കുന്ന വക്കിലേയ്ക്ക് എത്തുമെന്നാണ് ഞാൻ പറഞ്ഞത്. ആ സ്ഥിതിയിൽ എത്തിക്കഴിഞ്ഞു. ആ കോളനിയിൽ മരിച്ചുവെന്നല്ല പറഞ്ഞത്.

<u>മി. സ്പീക്കർ:</u> മരിക്കാത്തവരെ ഏതായാലും മരിച്ചവരുടെ ലിസ്റ്റിൽപ്പെടുത്തേണ്ട കാര്യമില്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ഏതായാലും ചേനപ്പാടി കോളനിയിൽ ആരും മരിച്ചില്ലെന്നുള്ളതിൽ ശ്രീ. എ. പി. അനിൽ കുമാറിനും നമുക്കെല്ലാവർക്കും ആശ്വസിക്കാം. എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റ് മുഴുവൻ പണവും ചെലവാക്കാതെ ലാപ്സാക്കിക്കളയുകയാണ് എന്നുപറഞ്ഞു. ബഹുമാനപ്പെട്ട എ.കെ. ബാലൻ, 2011-2012-ൽ എസ്.ടി വകുപ്പിന്റെ പ്ലാൻ എക്സ്പെൻഡിച്ചർ 97 ശതമാനമാണ്. 2012-2013-ൽ അത് 99 ശതമാനമാണ്.

ഞാൻ അവരുടെ വകുപ്പിലെ ഫീൽഡ് ഉദ്യോഗസ്ഥരെ വിളിച്ച് സംസാരിച്ച സമയത്ത് ഡിപ്പാർട്ട്മെന്റിനെ ഈ പ്ലാൻ എക്സ്പെൻഡിച്ചറിന്റെ പേരിൽ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തിരുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, പുതൂർ, ഷോളയൂർ, അട്ടപ്പാടി, അഗളി എന്നിവിടങ്ങളിലെ പഞ്ചായത്ത് സെക്രട്ടറിമാരെ വിളിക്കണം. അവർ എനിക്ക് തന്നിട്ടുള്ള കണക്കുപ്രകാരം അഗളിയിൽ 59 ശതമാനവും, പുതൂരിൽ 56 ശതമാനവും, ഷോളയൂരിൽ 39 ശതമാനവും അട്ടപ്പാടി ബ്ലോക്കിൽ 66 ശത മാനവുമാണ് പ്ലാൻ എക്സ്പെൻഡിച്ചർ എന്നാണ്. ഇത് പഞ്ചായത്ത് സെക്രട്ട റിമാർ എനിക്കുതന്ന കണക്കാണ്. എല്ലാം കൂട്ടിയിട്ടുള്ള ഒരു കണക്കുണ്ട്. അത് ചെലവഴിച്ച കണക്കല്ല. ഈ കണക്കെന്നു പറയുന്നത് മൂന്നു പഞ്ചായ ത്തിന്റേയും ബ്ലോക്കിന്റേയും കണക്കാണ്. ഇത് സ്പെസിഫിക്കായി ബഹുമാ നപ്പെട്ട മുഖ്യമന്ത്രി ചോദിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാനിവിടെ പറഞ്ഞത് എസ്.ടി ഡിപ്പാർട്ടുമെന്റിന്റെ കണക്കാണ്. ഈ പറഞ്ഞ കണക്ക് ഗ്രാമ പഞ്ചാ യത്തിന്റേതാണ്. അത് പരിശോധാക്കാം. ഞാനൊരിക്കലും ഇതിനെ രാഷ്ട്രീ യമായി കാണുന്നില്ല. ഇത് മനുഷ്യത്വത്തിന്റെ പ്രശ്നമാണ്. കേരളത്തിന്റെ മന:സാക്ഷിയോടുള്ള വെല്ലുവിളിയാണ്. ആ നിലയിലാണ് ഈ പ്രശ്നത്തെ കാണേണ്ടത്. അങ്ങ് തന്നിരിക്കുന്ന വിശദീകരണക്കുറിപ്പിൽ പറഞ്ഞിരിക്കു ന്നത് കുടിവെള്ളക്ഷാമം, ആരോഗ്യപരിപാലന സംവിധാനങ്ങളുടെ തകർച്ച തുടങ്ങിയവ മൂലം ജീവിതം കടുത്ത പ്രതിസന്ധിയിലായിരിക്കുന്നു എന്നാണ്. ബഹുമാനപ്പെട്ട ബാലൻ, ഇന്ന് അവിടെ കുടിവെള്ളക്ഷാമം ഉണ്ടായെങ്കിൽ നിങ്ങൾ ഭരിക്കുമ്പോഴും അവിടെ കുടിവെള്ളക്ഷാമമുണ്ടായിരുന്നു. നിങ്ങൾ

അധികാരത്തിൽനിന്നു പോയതിനുശേഷം അവിടത്തെ പൈപ്പ് ഞങ്ങൾ ഊരി മാറ്റിയിട്ടൊന്നുമില്ല. ........(ബഹളം). . . . നിങ്ങൾ കുടിവെള്ളക്ഷാമം എന്നുപറഞ്ഞ് വിമർശിക്കുമ്പോൾ നമുക്ക് രണ്ടുകൂട്ടർക്കുമുള്ള ഉത്തരവാദിത്വം മറക്കരുത്. ആരോഗ്യരംഗത്ത് അവിടെ മൂന്ന് ആശുപത്രിയാണുള്ളത്. ഞാൻ കോട്ടത്തുറ ആശുപത്രിയിൽ പോയിരുന്നു. അവിടെ 38 സ്റ്റാഫുകൂടി ഉണ്ടെങ്കിൽ മാത്രമേ അവിടത്തെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കൂ എന്നാണ് ഞങ്ങൾക്ക് ലഭിച്ച റിപ്പോർട്ട്. അഗളി സി.എച്ച്.സി.ക്ക് 23 തസ്തിക, പുതൂർ പി.എച്ച്.സി. ക്ക് 14 തസ്തിക. ഒറ്റയടിക്ക് 75 തസ്തിക ഞങ്ങളവിടെ ഉണ്ടാക്കി. 75 തസ്തിക ഈ രണ്ടുകൊല്ലംകൊണ്ട് അവിടെ ആവശ്യമായി വന്നതാണോ? അങ്ങ് സ്വന്തം മന:സാക്ഷിയോടുതന്നെ ചോദിക്കണം. ഇക്കാര്യത്തിൽ അങ്ങോട്ടുമിങ്ങോട്ടും പഴി ചാരുകയല്ല വേണ്ടത്. എവിടെയാണ് കുറവ്, എവിടെയാണ് പോരായ്മ എന്ന് കണ്ടെത്തി അതിനുവേണ്ടി പ്രവർത്തിക്കുകയാണ് വേണ്ടത്. ഞാൻ കണക്കുകൾ പറഞ്ഞ് ഒരിക്കലും ഇതിനെ ന്യായീകരിക്കുന്നതല്ല. പക്ഷെ അങ്ങ് ഇത്രയും പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. മാതൃഭൂമി പത്രത്തിൽ വന്ന ഒരു വാർത്തയാണ് അട്ടപ്പാടിയിൽ നാലുവർഷത്തിനിടയിൽ 56 ശിശുമരണങ്ങൾ എന്ന്. നമ്മൾ യാഥാർത്ഥ്യത്തിനുനേരെ കണ്ണടയ്ക്കരുത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, യാഥാർത്ഥ്യങ്ങൾ കാണണം. അവിടത്തെ പ്രതിസന്ധി എന്നുപറയുന്നത് ആരോഗ്യ പ്രതിസന്ധിയല്ല. ലൈവിലിഹുഡ് ക്രൈസിസ്സാണ്. എൽ.ഡി.എഫ്.ന്റെ അഞ്ചുവർഷക്കാലത്തെ മൊത്തം തൊഴിലുറപ്പിന്റേയും പാരിസ്ഥിതിക പുന:സ്ഥാപന പദ്ധതിയുടേയും കണക്കെടുത്താൽ, അങ്ങ് ഇപ്പോൾ തിരിച്ച് ജോലി കൊടുത്ത 91 പേരടക്കമു

ള്ളവർക്ക് ഏതാണ്ട് 100 കോടി രൂപയാണ് കൂലിയും ശമ്പളവുമായി ആദി വാസി മേഖലയിൽ ചെലവാക്കിയത്. ഈ സർക്കാർ വന്നതിനുശേഷം അതൊക്കെ നിന്നു. ഇങ്ങനെയുള്ള ലൈവിലിഹുഡ് ക്രൈസിസ്സിന്റെ ഫലമാ യിട്ടാണ് ഇന്ന് ഈ പ്രതിസന്ധി ഉണ്ടായിട്ടുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ അവിടെ പോയി കാര്യങ്ങൾ അന്വേഷിക്കണം. അതൊന്നുമല്ല അവിടത്തെ പ്രശ്നം. അവി ടത്തെ പ്രശ്നം ശരിയായ രീതിയിൽ അഡ്രസ്സു ചെയ്തേ മതിയാകൂ. അത് പൂർണ്ണമായും ബോധ്യപ്പെട്ടതുകൊണ്ടാണ് ശ്രീ. ജയറാം രമേശ് 112 കോടി രൂപ ഔട്ട് ഓഫ് വേയിൽ അവിടെവച്ചുതന്നെ പ്രഖ്യാപിച്ചത്. അന്ന് ഇതു പോലൊരു പ്രശ്നമുണ്ടാകാതിരുന്നതുകൊണ്ട് നമ്മൾ ഇക്കാര്യം ശ്രദ്ധിക്കാ തെപോയി. അന്ന് ഇക്കാര്യം ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഇന്ന് ഈ പ്രശ്നം ഈ നിലയിലേയ്ക്ക് വരില്ലായിരുന്നു. അന്ന് വാർത്താ പ്രാധാന്യമില്ലാതെപോയി. ഇന്ന് വാർത്താപ്രാധാന്യം വന്നു. ഞങ്ങൾ ഇതിനെ രാഷ്ട്രീയമായിട്ടല്ല കാണു ന്നത്, നമുക്ക് ഇതിന് പരിഹാരമുണ്ടാക്കിയേ മതിയാകൂ. അതിന് നിരവധി തീരുമാനങ്ങൾ ഞങ്ങളെടുത്തിട്ടുണ്ട്. അതുമുഴുവൻ ഇവിടെ വിശദീകരിച്ചാൽ വളരെ സമയമെടുക്കും. അവിടെ ശ്രീ. എസ്. സുബ്ബയ്യയെ സ്പെഷ്യൽ ഓഫീ സറായി നിയമിച്ചു. അവിടത്തെ ജനപ്രതിനിധികൾ ആവശ്യപ്പെട്ട ഡോക്ടറാണ് ഡോ.പ്രഭുദാസ്. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകീകരിക്കാൻവേണ്ടി അദ്ദേഹത്തെ നോഡൽ ഓഫീസറായി നിയമിച്ചു. അവിടെ മനുഷ്യസാധ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്യും. അംഗൻവാടി വർക്കേഴ്സിനേയും ആശാ വർക്കേഴ്സിനേയും മുഴുവൻ വീടുകളിലേയ്ക്കും അയച്ചു. മെഡിക്കൽ ക്യാമ്പ് നടത്തി. ഗർഭിണികളായിട്ടുള്ള സ്ത്രീകളെ

കണ്ടെത്തി അവർക്കുവേണ്ട പോഷകാഹാരവും മരുന്നും കൊടുക്കുക മാത്ര മല്ല  അത് അവർ കഴിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തത്തക്കവിധത്തിൽ അംഗൻവാടി വർക്കേഴ്സിന്റേയും ആശാ വർക്കേഴ്സിന്റേയും സേവനം പൂർണ്ണമായും പ്രയോജനപ്പെടുത്തുകയാണ്.  ആരോഗ്യ രംഗത്തെ കുറവു കൾ എന്തൊക്കെയാണെന്ന് കണ്ടെത്തി  അത് പരിഹരിക്കുന്നതിനുവേണ്ടി യുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.  പോഷകാഹാരത്തിന്റേയും മരുന്നി ന്റേയും കാര്യത്തിൽ  ഗർഭിണികൾ കാണിക്കുന്ന ഉപേക്ഷ കണക്കിലെടു ക്കാതെ ഏതുവിധേനയും പോഷകാഹാരവും മരുന്നും അവരെ കഴിപ്പിക്കുന്ന സാഹചര്യമുണ്ടാക്കാൻ വേണ്ടി ഡേ-ടു-ഡേ മോണിറ്ററിംഗ് നടത്താൻ പറ ഞ്ഞിരിക്കുകയാണ്. അത്രമാത്രം  കാര്യങ്ങൾ ചെയ്തിട്ടുണ്ട്.  ഇനിയും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യും.  ഇക്കാര്യത്തിൽ നമ്മൾ അങ്ങോട്ടുമിങ്ങോട്ടും പഴിചാരുകയല്ല വേണ്ടത്.  ആദിവാസികളുടെ കാര്യത്തിൽ  നമ്മളെല്ലാം ഒരു പോലെ പ്രതിക്കൂട്ടിലാണെന്ന വിശ്വാസക്കാരനാണ് ഞാൻ.  അവർക്കുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങൾ വച്ചുനോക്കിയാൽ ഇതുപോലെ ഒരവസ്ഥ ഉണ്ടാ കാൻ പാടില്ലായിരുന്നു. അതുകൊണ്ട് നമുക്ക് എങ്ങനേയും ഈ ആദിവാസി കുടുംബങ്ങളിലെ പുതിയ തലമുറയെ സ്കൂളുകളിലും കോളേജുകളിലും എത്തിക്കണം.  അവരുടെ ഊരുകളിൽ നിന്നും ശരിയായ വിധത്തിൽ പോകു മെന്ന പ്രതീക്ഷയില്ല.  അതുകൊണ്ട് ഞങ്ങൾ ദീർഘകാല അടിസ്ഥാനത്തിലെ ടുക്കാൻ പോകുന്ന തീരുമാനം ആദിവാസി കുട്ടികൾക്കുവേണ്ടി എത്ര ഹോസ്റ്റലുകൾ തുടങ്ങേണ്ടിവന്നാലും അത് തുടങ്ങും എന്നാണ്.  അവർ സ്കൂളുകളിലും കോളേജുകളിലും പോകുന്നുവെന്ന് ഉറപ്പുവരുത്തും.  ഒരു പുതിയ തലമുറയിലൂടെ മാത്രമേ ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കാൻ സാധിക്കൂ. ഇവിടെ പറഞ്ഞിട്ടുള്ളവ അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളാ

ണ്. അത് അത്യാവശ്യം തന്നെയാണ്. അത് ചെയ്യുന്നതോടൊപ്പംതന്നെ വിദ്യാഭ്യാസത്തിലൂടെ ഇവരെ പഴയകാല ചിന്തകളിൽ നിന്ന് മോചിപ്പിച്ച് ഒരു പുതിയ തലമുറയെ പൊതു സമൂഹത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിലുള്ള പരിപാടികളും നമ്മൾ സ്വീകരിക്കുന്നുണ്ട്.

ഈ യാത്രയിലൊക്കെ ഞങ്ങൾക്ക് ബോധ്യപ്പെട്ട ഒരു കാര്യം അവിടത്തെ മദ്യത്തിന്റെ ഉപയോഗമാണ്. അവിടെ പ്രൊഹിബിഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ആ പ്രൊഹിബിഷന് ഒരു വിലയും നൽകാത്ത വിധത്തിലാണ് അവിടെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഭ്യതയും ഉപയോഗവും. ഇതിൽനിന്നുകൂടി ഇവരെ മോചിപ്പിച്ചാൽ മാത്രമേ ആദിവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയുള്ളൂ. മറ്റ് കാര്യങ്ങൾ പറഞ്ഞ് തടിതപ്പിയിട്ട് കാര്യമില്ല. യഥാർത്ഥ പ്രശ്നങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുമ്പോൾ മദ്യത്തിന്റെ ഉപയോഗവും തടയാൻ സാധിക്കണം. ഗവൺമെന്റ് ഈ കാര്യത്തിൽ നൂറുശതമാനം കമ്മിറ്റഡ് ആണെന്ന കാര്യം ഞാൻ ഈ സഭയ്ക്ക് ഉറപ്പുതരുന്നു. ബഹുമാനപ്പെട്ട എ.കെ.ബാലൻ പറഞ്ഞ നിർദ്ദേശങ്ങളും ഞങ്ങൾ കേൾക്കും. തീർച്ചയായും ഈ കാര്യത്തിൽ അങ്ങേയ്ക്ക് പരിചയവും അനുഭവസമ്പത്തുമുണ്ട്. ഇതിനൊരു മാറ്റമുണ്ടാകണം. ഇതൊരു വാണിംഗായി എടുക്കണം. അട്ടപ്പാടിയിലെ ശിശുമരണ പ്രശ്നം ഗവൺമെന്റിന് തന്നിരിക്കുന്ന ഒരു വാണിംഗാണ്. ഗവൺമെന്റിനുമാത്രമല്ല ഈ സമൂഹത്തിന് തന്നിരിക്കുന്ന ഒരു വാണിംഗാണ്. ഗവൺമെന്റ് ഇതിന്റെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊള്ളുന്നു. നമുക്കൊന്നാകെ ഇത് ഉൾക്കൊള്ളണം. ഇതിൽനിന്ന് മോചനം കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തണം. അതിനെല്ലാവരും സഹകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്. അതുകൊണ്ട് സഭ നിറുത്തിവച്ച് ഈ വിഷയം ചർച്ചചെയ്യണമെന്ന് പറയുന്നതിനോട് യോജിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അട്ടപ്പാടി യിലെ ആദിവാസികളുടെ ദുരിതത്തെ സംബന്ധിച്ചും മുലയൂട്ടുന്ന അമ്മമാർ പട്ടിണികിടന്ന് മരിക്കുന്നതിനെ സംബന്ധിച്ചും 56 കുഞ്ഞുങ്ങൾ മരണപ്പെട്ട തിനെ സംബന്ധിച്ചുമെല്ലാം വളരെ വിശദമായും ദീർഘമായും സഖാവ് എ.കെ. ബാലൻ ഇവിടെ അവതരിപ്പിച്ചു. അതൊന്നും ശരിയല്ലെന്നും അവിടെ മനോഹരമായ ജീവിതമാണ് തുടർന്നുകൊണ്ടിരിക്കുന്നതെന്നും അവിടത്തെ എം.എൽ.എ.-യെക്കൊണ്ടും അതുപോലെതന്നെ...............

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ പറഞ്ഞ മറുപടി നിങ്ങൾക്കെല്ലാം സ്വീകാര്യമായിരിക്കുമെന്നാണ് ഞാൻ കരുതിയത്. സ്വീകാര്യമല്ലെങ്കിൽ ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്, ചർച്ച ചെയ്യാം. ചെയ്ത കാര്യങ്ങളെല്ലാം ഇവിടെ അവതരിപ്പിച്ചപ്പോൾ തൃപ്തിയായിക്കാണു മെന്ന് ഞാൻ ധരിച്ചു. തൃപ്തിയല്ലെങ്കിൽ ചർച്ച ചെയ്യാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് പറഞ്ഞതനുസരിച്ച് അടിയന്തരപ്രമേയം ഞാൻ ഡിസ്പോസ് ചെയ്തുപോയി. അതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ നേതാവ് സംസാരിക്കാനും എഴുന്നേറ്റു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇവിടെ പറഞ്ഞ കാര്യങ്ങളിൽ പ്രതിപക്ഷം തൃപ്തരായിരിക്കുമെന്ന് ധരിച്ചുകൊണ്ടാണ് ഞാൻ അതുപറഞ്ഞത്. അങ്ങ്

ഡിസ്പോസ് ചെയ്ത സാഹചര്യത്തിൽ ഈ സഭാ സമ്മേളനത്തിനിടയിൽ ഏത് ദിവസവും ഈ വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ......(മൈക്ക് ഓഫ്)...... സർ, ഇന്ന് ഈ വിഷയം ചർച്ച ചെയ്യാം.

മി. സ്പീക്കർ: ഇന്ന് ചർച്ച ചെയ്യാൻ കഴിയുകയില്ല. ഈ വിഷയം ഡിസ്പോസ് ചെയ്തുകഴിഞ്ഞു. പ്രതിപക്ഷ നേതാവ് സംസാരിക്കാനും എഴുന്നേറ്റു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ചെയ്യുന്നത് കബളിപ്പിക്കലല്ലേ? ഈ വിഷയം സംബന്ധിച്ച് ചർച്ചയ്ക്ക് തയ്യാറാണെങ്കിൽ ആദ്യംതന്നെ പറയണ്ടേ? എല്ലാം കഴിഞ്ഞതിനുശേഷമാണോ ചർച്ചയ്ക്ക് തയ്യാറാണെന്ന് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കബളിപ്പിക്കുകയാണ് ചെയ്തത്. ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാണെങ്കിൽ മറുപടി പറഞ്ഞപ്പോൾത്തന്നെ അതിന് സന്നദ്ധമാകേണ്ടതല്ലേ; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രസംഗം നടത്തുന്നതിനിടയിലാണോ ചർച്ചയ്ക്ക് തയ്യാറാണെന്ന് പറയുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇവിടെ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും തൃപ്തികരമായിരിക്കുമെന്ന് ധരിച്ചുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്. ഈ വിഷയം സ്പീക്കർ ഡിസ്പോസ് ചെയ്തുപോയി. അതുകൊണ്ട് ഈ സഭാ സമ്മേളനത്തിൽ ഏത് ദിവസവും ഈ വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ വിഷയം ഇന്ന് ചർച്ച ചെയ്യാനാണ് ഞങ്ങൾ നോട്ടീസ് നൽകിയത്. അതുകൊണ്ട് ഇന്നുതന്നെ ചർച്ച ചെയ്യണം.

<u>മി. സ്പീക്കർ</u>: ഇന്ന് ചർച്ച ചെയ്യാൻ കഴിയുകയില്ല. അതിന് ചില നടപടിക്രമങ്ങളുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കൂ....

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ......(മൈക്ക് ഓഫ്)......

<u>മി. സ്പീക്കർ</u>: ശ്രീ. പി. സി. ജോർജ്, ഞാൻ പറഞ്ഞുകൊള്ളാം. പ്ലീസ്.... പ്ലീസ്......

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, അത്ഭുതകരമായ ഒരു ചിത്രമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വരച്ചു കാട്ടിയത്. അട്ടപ്പാടിയിൽ ഈ അടുത്ത കാലത്തുണ്ടായ മരണത്തെപ്പറ്റി........, ഭാവിയിൽ ഈ നാടിനെ ഭരിക്കുന്ന ആളുകളായി വരേണ്ട 56 കുഞ്ഞുങ്ങൾ മരണപ്പെട്ടു, ഭക്ഷണം കഴിക്കാൻ നിർവ്വാഹമില്ലാതെ മുലയൂട്ടുന്ന അമ്മമാർ മരണപ്പെട്ടു. അവിടത്തെ ആശുപത്രി - അങ്ങ് ഉദ്ധരിച്ച ആശുപത്രി, ശ്രീ. എ. കെ. ബാലൻ വിവരിച്ച കോട്ടത്തറ ആശുപത്രി - അത് ഏത് കാലത്തുണ്ടായതാണെന്ന് അങ്ങ് അന്വേഷിച്ചിട്ടുണ്ടോ എന്നെനിക്ക് അറിയില്ല. ആ ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരില്ല, നഴ്സുമാരില്ല, നഴ്സിംഗ് സൂപ്രണ്ടില്ല, ആവശ്യത്തിന് മരുന്നില്ല. അതെല്ലാമാണ് ഇന്നത്തെ സ്ഥിതി. 2012 ജൂലൈ മാസത്തിൽ അട്ടപ്പാടി ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ അടച്ചുപൂട്ടൽ ഭീഷണിയിലാണെന്ന വിവരം ശ്രീ. കെ. വി. വിജയദാസ് എം.എൽ.എ. സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നു. ഈ വിഷയം അന്വേഷിക്കാമെന്ന് ആരോഗ്യമന്ത്രി അറിയിച്ചു. എന്നിട്ടും നടപടിയായില്ല. പിന്നീട് ആദിവാസി ക്ഷേമസമിതി സംഘടനയടക്കമുള്ള ആളുകൾ സമരമുഖത്തെത്തി. തുടർന്ന് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഇതിനെല്ലാം ശേഷവും ആശുപത്രി ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിൽ

സർക്കാർ പരാജയപ്പെട്ടു. ഇതിനെത്തുടർന്നാണ് ഇപ്പോഴത്തെ ശിശുമരണ ങ്ങളും മറ്റുമുണ്ടായിട്ടുള്ളത്. ജോറുജോറായിട്ടുള്ള പ്രഖ്യാപനങ്ങൾ നടത്തു ന്നതിന് എന്റെ ബഹുമാനപ്പെട്ട സ്നേഹിതൽ ഉമ്മൻ ചാണ്ടിയുടെയും അദ്ദേ ഹത്തിന്റെ കൂടെ വരുന്ന കേന്ദ്രമന്ത്രിമാരടക്കമുള്ള ആളുകളുടെയും വശീക രണ ശക്തി അതികഠിനമാണ്. വളരെ മനോഹരമായി ചിത്രീകരിച്ചുകൊണ്ട് ആളുകളെ സുഖമായി ഉറക്കിക്കിടത്തുന്ന രീതിയാണ്. അതേ സമയം ദിവ സംതോറും മുലയൂട്ടുന്ന അമ്മമാരും കുഞ്ഞുങ്ങളും മരിച്ചുകൊണ്ടിരിക്കുക യാണ്. ഇതേപ്പറ്റി ലജ്ജിക്കാൻപോലും കഴിഞ്ഞില്ലെങ്കിൽ പിന്നെ എന്താണ് ചെയ്യുന്നത്? ഏതായാലും ഞാൻ ഇതിനെ സംബന്ധിച്ച് കൂടുതൽ വിവരിക്കു ന്നില്ല. ഈ വിഷയം സംബന്ധിച്ച് ശ്രീ. എ. കെ. ബാലൻ ഇവിടെ വിശദമായി വിവരിച്ചുകഴിഞ്ഞു. അതിന് അപമാനകരമായി വന്നിട്ടുള്ള ഒരേയൊരു പ്രസംഗം സ്ഥലം എം.എൽ.എ.-യുടേതാണ്. മുഖ്യമന്ത്രിക്കുപോലും ശ്രീ. എ. കെ. ബാലന്റെ ആ വസ്തുതാ വിശദീകരണത്തെ ചോദ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ......(മൈക്ക് ഓഫ്)......

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, ഇരിക്കൂ, അദ്ദേഹം ഒന്നും പറഞ്ഞില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സ്ഥലം എം.എൽ.എ.-യുടെ വിശദീകര ണവും സഖാവ് എ. കെ. ബാലൻ ഇവിടെ വിവരിച്ച വിശദീകരണവും കേട്ടു കൊണ്ടിരിക്കുന്ന ഈ സഭയ്ക്ക് അങ്ങയെപ്പറ്റി എന്തുതോന്നുമെന്ന് വിചാരിച്ച് ഞാൻ അതൊന്ന് സൂചിപ്പിച്ചുവെന്നേയുള്ളൂ. പിണങ്ങേണ്ട, അൽപ്പമൊരു പിണക്കം നമ്മൾ തമ്മിലുണ്ടായാലും തരക്കേടില്ല. വസ്തുത വസ്തുതയായി പറഞ്ഞുവെന്നേയുള്ളൂ. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. അട്ടപ്പാടി

യിലെ ആദിവാസികളുടെ ദയനീയ സ്ഥിതിക്ക് ഉത്തരവാദിത്വമേറ്റെടുക്കാൻ, അതിന്റെ അടിസ്ഥാനത്തിൽ അന്തസ്സായി രാജിവയ്ക്കാൻ ഞങ്ങൾ തയ്യാറാണ് എന്നുപറയാൻ ചങ്കൂറ്റമുള്ള ഒരു മന്ത്രിയുമില്ല, മുഖ്യമന്ത്രി വിശേഷിച്ചുമില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഈ ഗവൺമെന്റിന്റെ നയസമീപനത്തെ ശക്തി യായി എതിർത്തുകൊണ്ടും, ഈ വിഷയം സംബന്ധിച്ച് ഇന്ന് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ടും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. സി. ദിവാകരൻ</u>: സർ, സർക്കാരിന്റെ കണക്കനുസരിച്ച് അട്ടപ്പാടി യിൽ 56 കുഞ്ഞുങ്ങൾ മരണപ്പെട്ടിരിക്കുകയാണ്. സർക്കാരിന്റെ കണക്ക് ഇതാണെങ്കിൽ മരണപ്പെട്ട കുട്ടികളുടെ കണക്ക് ഇതിലും എത്രയോ ഇരട്ടിയാ യിരിക്കുമെന്നുള്ള കാര്യം നമുക്കറിയാം. സർക്കാരിന്റെ കണക്ക് എന്നു പറ യുന്നത് ഉദ്യോഗസ്ഥർ എഴുതിത്തരുന്നതു മാത്രമേ ഇവിടെ വായിക്കാൻ പറ്റൂ. നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം........., 56 പാവപ്പെട്ട കുട്ടികൾ, പാവങ്ങളിൽ പാവങ്ങളായ കുഞ്ഞുങ്ങൾ മരണമടഞ്ഞിരിക്കുന്നു. ഒരു കുട്ടി യുടെ ജീവൻ സംരക്ഷിക്കാൻ സമ്പന്ന വർഗ്ഗങ്ങൾ നടത്തുന്ന പരിശ്രമങ്ങൾ നമ്മൾ കാണുകയാണ്. ഇവിടെ കേരളത്തിൽ, 56 സംവത്സരങ്ങളുടെ സ്വ തന്ത്ര ഭാരതത്തിൽ - സാക്ഷര കേരളത്തിൽ, ഉദ്ബുദ്ധമായ കേരളത്തിൽ 56 കുട്ടികൾ പട്ടിക്കുട്ടികളെപ്പോലെ മരിച്ചുവീഴുന്നു. ഇതിനെതിരെ ആരും പ്രതി കരിക്കുന്നില്ല, നാഥനില്ല, പ്രക്ഷോഭണമില്ല, ഹർത്താലില്ല, പണിമുടക്കില്ല.

നമ്മുടെ മനുഷ്യത്വം മരവിച്ചുപോയോ; എന്ത് ഈസിയായിട്ടാണ് ഗവൺമെന്റി നുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത് – 56 കുഞ്ഞുങ്ങൾ മരിച്ചുപോയി.

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഏറ്റവും പ്രിയപ്പെട്ട സമ്പത്ത് കുഞ്ഞുങ്ങളായിരുന്നു. ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യമുള്ള കോൺഗ്രസ്സിന്റെ ഭരണകാലത്ത് കേരളത്തിൽ പൈശാചികമായ രീതിയിൽ ആദിവാസിക്കുട്ടികൾ മരിച്ചുവീഴുകയാണ്. നമുക്ക് അതിനെക്കുറിച്ച് ദു:ഖി ക്കാനും ചർച്ച ചെയ്യാനും സമയമില്ല. നമ്മുടെ വീട്ടിൽ ഒരു കുഞ്ഞിന് എന്തെ ങ്കിലും സംഭവിച്ചാൽ ......(ബഹളം)...... ആദിവാസികളുടെ കാര്യം പറയു മ്പോൾ ശാന്തമായി കേൾക്കണം. ഈ വിഷയം നിങ്ങൾ ടോട്ടലായി നെഗ്ലക്ട് ചെയ്യാനാണ് പോകുന്നതെങ്കിൽ നമുക്ക് അതിനെപ്പറ്റി ആലോചിക്കാം. ഞങ്ങൾ ഈ സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കുകയാണ്. പ്രതിപ ക്ഷങ്ങൾക്ക് വർത്തമാനം പറയുന്നതിനുള്ള അവസരം ജനാധിപത്യത്തിൽ അനുവദിച്ചിട്ടുള്ളതാണ്. അത് അങ്ങയുടെ ആളുകൾ അനുവദിക്കുന്നില്ല. അവരവരുടെ സീറ്റുകളിലിരിക്കാൻ അങ്ങയുടെ അനുയായികളോട് പറയണം. ഇത് കളിയാണോ; ഇത് മോക്ക് അസംബ്ലിയാണോ? ആഹാരമില്ലാതെ, മരു ന്നില്ലാതെ, കുടിവെള്ളമില്ലാതെ, ശുശ്രൂഷിക്കാനാളില്ലാതെ, അനാഥമായി മരി ച്ചുവീണ 56 കുട്ടികൾക്കുവേണ്ടിയാണ് ഈ സഭയിൽ ഞങ്ങൾ ഈ വിഷയം ഉന്നയിച്ചത്.

നിങ്ങളെയാരേയും പ്രതിക്കൂട്ടിൽ കയറ്റാനല്ല. ഈ സംഭവം നിങ്ങൾക്കാർക്കും നിഷേധിക്കാൻ സാധിക്കില്ല. മുഖ്യമന്ത്രി പറഞ്ഞത് അവിടെ ഒരു പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടെന്നാണ്. എന്തെങ്കിലും ഒരു കാര്യം

അവിടെ ചെയ്തോ; ഏതെങ്കിലും ഒരു കുടുംബത്തിന് സാമ്പത്തിക സഹായം ഇന്നേ ദിവസം വരെ കൊടുത്തിട്ടുണ്ടോ? റാഗി കൊടുക്കുമെന്ന് ശ്രീ. കെ. വി. തോമസ് പറയുന്നു, 50 കോടി രൂപ കൊടുത്തുവെന്ന് ശ്രീ. ജയറാം രമേശ് പറഞ്ഞു. ഈ ദിവസം വരെ അട്ടപ്പാടിയിലെ കുടുംബങ്ങൾക്ക് റേഷൻ കടയിൽ നിന്ന് 10 കിലോഗ്രാം അരികൊടുത്തുവെന്നതല്ലാതെ ഒരു കാര്യവും നടന്നിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും അവിടെ നടന്ന സംഭവങ്ങളെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ? എന്തുകൊണ്ടാണ് ഈ കൂട്ടമരണം സംഭവിച്ചത്; ആരോഗ്യപരമായ കാരണമാണോ; ന്യൂട്രീഷ്യന്റെ കുഴപ്പ മാണോ; ഫണ്ടില്ലാത്തതാണോ; പദ്ധതി നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ട താണോ; അഴിമതിയാണോ അതോ ഉദ്യോഗസ്ഥന്മാരുടെ അവഗണന യാണോ? എന്താണെന്നതിനെ സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ? അട്ടപ്പാടിയിലെ കൂട്ടമരണത്തെക്കു റിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തണമെന്ന് ഈ സഭയിൽ ഞങ്ങൾ ആവശ്യപ്പെടുന്നു. അവിടെ അന്വേഷണത്തിനായി, നടപടിക്രമങ്ങൾ ക്രോഡീ കരിക്കാൻ റിട്ടയർ ചെയ്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചാൽ സർവ്വീസിലുള്ള ഉദ്യോഗസ്ഥന്മാരെ കോ-ഓർഡിനേറ്റ് ചെയ്യാൻ കഴിയുമോ? റിട്ടയർ ചെയ്ത ഒരു ഉദ്യോഗസ്ഥനെ വച്ച് സർവ്വീസിലുള്ള ആളുകളെ കോ-ഓർഡിനേറ്റ് ചെയ്യുക എന്നത് എവിടെയാണ് നടക്കുന്നത്? ഇതെല്ലാം വളരെ വിചിത്രമായ നടപടികളാണ്. അതുകൊണ്ട് അടിയന്തിരമായി, ഈ സഭ തീരുന്നതിനുമുമ്പ്, അങ്ങ് ഇവിടെ പ്രഖ്യാപിച്ച നടപടികൾ അട്ടപ്പാടിയിൽ ഇംപ്ലിമെന്റ് ചെയ്തുകഴിഞ്ഞു എന്ന് പറയാൻ കഴിയണം. ഉദ്യോഗസ്ഥന്മാർ അടിയന്തിരമായി നടപടിയെടുക്കുമെന്ന് അങ്ങ് പറഞ്ഞു, നടപടി എടുക്കണം.

രണ്ടാമത്തെ കാര്യം, (മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ഞാൻ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്) മുഖ്യമന്ത്രി ചർച്ച ചെയ്യാൻ തയ്യാറായിരുന്നു. ഇത്രയും ഗുരുതരമായ - ഇത് വെടിവെയ്പ്പിന്റെയും ലാത്തിചാർജ്ജിന്റെയും കാര്യമല്ല, കുട്ടികൾ ഇന്നലെയും മരിച്ചു, ഇന്നും മരിക്കുന്നു, നാളെ മരണമുണ്ടാവില്ലെന്ന് ഗവൺമെന്റിന് പറയാൻ സാധിക്കില്ല - അത്തരമൊരു വിഷയം നിയമസഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് മുഖ്യമന്ത്രിക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ ഇവിടെ ചർച്ച നടന്നില്ല. നോട്ടീസ് കൊടുത്ത ദിവസമല്ലേ ചർച്ച ചെയ്യേണ്ടത്; അങ്ങ് പറയുന്ന ഒരു ദിവസം ഞങ്ങൾക്ക് ചർച്ച ചെയ്യാൻ സാധിക്കുമോ? ഞങ്ങൾ ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി, ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടു. സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്ന് അടിയന്തിരപ്രമേയാവതാരകൻ പറഞ്ഞു. അതിന് അങ്ങ് തയ്യാറായിരുന്നുവെന്ന് അവസാനം പറഞ്ഞു. പക്ഷേ സഭാനടപടികളുടെ ചട്ടങ്ങൾ അനുസരിച്ച് ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷൻ അതിനെ റദ്ദാക്കിയിരിക്കുകയാണ്. ഞങ്ങൾക്കിനി എവിടെയാണ് പോയി പറയാൻ കഴിയുക? സഭയിൽ അട്ടപ്പാടിയുടെ കാര്യം പറയാൻ കിട്ടിയ അവസരം തന്നതുമായി, നിഷേധിച്ചതുമായി. കേരളം അറിയാൻ പോകുന്നത് - മുഖ്യമന്ത്രി ചർച്ചയ്ക്ക് സന്മനസ്സായിരുന്നു, ചർച്ച ചെയ്യാൻ പ്രതിപക്ഷവും തയ്യാറായിരുന്നു. പക്ഷേ ചർച്ച നടന്നില്ല. ഇത് വളരെ വിചിത്രമായ ഒരു സമീപനമാണ്.

മി. സ്പീക്കർ: അങ്ങനെയൊന്നും കേരളം അറിയാൻ പോകുന്നില്ല. ജനങ്ങൾക്ക് ഈ സഭാനടപടികളും ചട്ടങ്ങളുമൊക്കെ നന്നായി അറിയാം. നമ്മുടെ വിചാരം ഇത് നമുക്ക് മാത്രമേ അറിയാവൂ എന്നാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അതുകൊണ്ട് അട്ടപ്പാടിയിലെ സംഭവഗതി കളെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്താൻ അങ്ങയുടെ ഗവൺമെന്റ് തയ്യാറാവണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യാൻ ഒരു പ്രത്യേക സമയത്ത് സമ്മതം മൂളിയതിന് അങ്ങയെ അഭിനന്ദിക്കുകയും പിന്നീട് അതിന് തയ്യാറാകാതിരുന്ന സാഹചര്യം വന്ന തിൽ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടി യിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയാൽ ചർച്ചയാകാമെന്ന് സർക്കാർ പറയേണ്ടത് അവതരണാനുമതി തേടിക്കൊണ്ടുള്ള പ്രസംഗത്തിന് മുമ്പാണ്. സർക്കാർ അപ്പോൾ അതിന് വൈമുഖ്യം കാട്ടുകയും പിന്നീട് ചർച്ചയാകാമെന്ന് പറയുകയും ചെയ്തത് ഈ വിഷയത്തിൽ വേണ്ടത്ര ഗൗരവം ഗവൺമെന്റ് കൊടുക്കുന്നുണ്ടോ എന്ന കാര്യത്തിൽ സംശയം വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ഇക്കാര്യത്തെക്കുറിച്ച് ഒരക്ഷരം ഈ സഭയിൽ ഇതുവരെ മിണ്ടിയിട്ടില്ല. ഇന്നത്തെ നിയമസഭാ ചോദ്യോത്തരത്തിൽ 15-ാമത്തെ ചോദ്യ ത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി നൽകിയിരിക്കുന്ന ഉത്തരം, അട്ട പ്പാടിയിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ശിശുക്കളുടെ മരണം സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങൾക്ക് പുറമേ ജീവിതശൈലിയിലുണ്ടായ വ്യതിയാനം മൂലം സംഭവിച്ചതാണെന്ന് മനസ്സിലാക്കുന്നുവെന്നാണ്. അതു

കൊണ്ട് കുറ്റക്കാരായി ആരെയും കണ്ടെത്താൻ കഴിയില്ല എന്ന് കൃത്യമായി ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ ഇന്ന് മറുപടി നൽകിയിരിക്കുകയാണ്. 56 കുട്ടികൾ മരണപ്പെട്ടതിനുശേഷവും ഒരാളെപ്പോലും കുറ്റക്കാരായി കണ്ടെത്താൻ കഴിയില്ല എന്ന നിലപാട് സ്വീകരിക്കേണ്ട ആവശ്യമുണ്ടായിരുന്നോ? ആരോഗ്യ വകുപ്പിന്റെ ഉദ്യോഗസ്ഥന്മാർ മേയ് മാസം 24, 25 എന്നീ തീയതികളിൽ അവിടെ സന്ദർശനം നടത്തി. അവർ നൽകിയിരിക്കുന്ന റിപ്പോർട്ടിൽ വളരെ ഗൗരവമായ കുറ്റങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നിട്ട് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് കുറ്റക്കാരായ ആരെയും കണ്ടെത്താൻ കഴിയുന്നില്ല എന്നാണ്. ആ റിപ്പോർട്ടിൽ പറയുന്നത് ".......It was generally observed that communicable disease surveillance was sluggish, the health supervisor did not know the fever status. There were 65 fever cases in the 20th week and 121 cases in the 21st week. But this was not identified by the field staff or supervisors and no data analysis had taken place. The Medical Officers told that they are not briefed the communicable disease datas of the field level by their field staff or supervisors...." ഉദ്യോഗസ്ഥന്മാർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നില്ല എന്നും വിവരങ്ങൾ അറിയിക്കുന്നില്ല എന്നും കൃത്യമായി ആരോഗ്യ വകുപ്പിന്റെ വിദഗ്ധസംഘം പഠനം നടത്തി റിപ്പോർട്ട് കൊടുത്തതിനു ശേഷവും കുറ്റക്കാരായി ഒരു ഉദ്യോഗസ്ഥനുമില്ല, ജീവിതശൈലിയിലുണ്ടായ മാറ്റം മൂലമാണ് അവിടെ മരണങ്ങളുണ്ടാകുന്നത് എന്ന മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നിയമസഭയിൽ 15-ാമത്തെ ചോദ്യത്തിന് ഉത്തരമായി നൽകിയിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യ

ത്തിൽ, ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നുമാത്രമല്ല ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നും തികഞ്ഞ അലംഭാവം ഉണ്ടായിരിക്കുകയാണ്. ഇത് ഗൗരവമായ പ്രശ്നമാണ്. അവിടെ നിന്നും കുട്ടികൾ കോളേജിലേയ്ക്കെത്തണം, ഉന്നതവിദ്യാഭ്യാസം നേടണം എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഗ്രഹത്തോട് ഞങ്ങൾ പരിപൂർണ്ണമായും യോജിക്കുകയാണ്, ആ വികാരം ഞങ്ങൾ പങ്കുവയ്ക്കുകയാണ്. കുട്ടികൾ കോളേജിലേയ്ക്കെത്തണമെങ്കിൽ ശിശുക്കളായി ജനിക്കുന്നവർ ജീവിച്ചിരിക്കേണ്ടേ? ഗർഭസ്ഥ കാലത്തുതന്നെ മതിയായ പോഷകാഹാരം കിട്ടാതെ വരികയും ജനിക്കുന്ന കുട്ടികൾക്ക് മുലയൂട്ടാൻ തക്കവണ്ണമയുള്ള ആരോഗ്യം അമ്മമാർക്ക് ഇല്ലാതെ പോകുകയും വേണ്ടത്ര പോഷകാഹാരം കിട്ടാതെ കുട്ടികൾ മരിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ഈ കുട്ടികൾ കോളേജിലെത്തി ഉന്നതസ്ഥാനങ്ങളിൽ, താക്കോൽ സ്ഥാനങ്ങളിൽ അധികാരം കൈയാളുന്നവരായി മാറണമെന്ന സ്വപ്നം മാത്രം വച്ചുകൊണ്ടിരുന്നാൽ മതിയോ? ഈ വിഷയം ഗൗരവമായി കണ്ട് ചർച്ച ചെയ്യാൻ വൈമുഖ്യം കാട്ടിയ സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിലെ അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ്: സർ, ആദിവാസി ഊരുകളിൽ പോഷകാഹാരം കിട്ടാതെ ഗർഭിണികളും കുട്ടികളും മരണപ്പെടുന്ന ദു:ഖകരമായ അവസ്ഥ നമ്മുടെ സംസ്ഥാനത്ത് സംഭവിച്ചത് നിർഭാഗ്യകരമാണെന്നുമാത്രമല്ല, ജനാധി

പത്യകേരളത്തിന് അപമാനകരവുമാണ്. ധാരാളം പ്രഖ്യാപനങ്ങളുണ്ടാകുന്നുവെങ്കിലും പ്രവൃത്തിയിൽ കാണുന്നില്ല. വനമേഖലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് മുൻകാലങ്ങളിൽ ജോലി നൽകുമായിരുന്നു. എന്നാൽ നൽകിക്കൊണ്ടിരുന്ന ജോലി ഇല്ലാതാക്കിയതും അത് നിറുത്തലാക്കിയതും ഈ ഗവൺമെന്റാണ്. മുഖ്യമന്ത്രി ഇന്ന് ധാരാളം കാര്യങ്ങൾ പറഞ്ഞു. വനമേഖലയിൽ ആദിവാസികൾക്ക് ജോലി നൽകുന്ന കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടുണ്ടെന്ന് പറഞ്ഞു. നേരത്തെ ആദിവാസി കുടുംബാംഗങ്ങൾക്ക് വനമേഖലയിൽ ജോലി നൽകിയിരുന്നതാണ്. ഈ ഗവൺമെന്റ് വന്നതിനു ശേഷം അവർക്ക് ജോലി നൽകുന്നില്ല. ഇപ്പോൾ മുഖ്യമന്ത്രി എടുത്ത തീരുമാനം നല്ല കാര്യമാണ്, അതിനെ സ്വാഗതം ചെയ്യുന്നു. ഇക്കാര്യങ്ങളെല്ലാം വാസ്തവത്തിൽ ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതായിരുന്നു, മുഖ്യമന്ത്രിക്കും അങ്ങനെ ആഗ്രഹമുണ്ടായിരുന്നു. ഏതായിരുന്നാലും മുഖ്യമന്ത്രി അവസരത്തിനൊത്തുയർന്നില്ല, അതുകൊണ്ട് നിയമസഭാ ചട്ടമനുസരിച്ച് ചർച്ച ചെയ്യാൻ കഴിയാതെ പോകുകയും ചെയ്തു. ഇത്തരം നിർഭാഗ്യകരമായ സംഭവം ചർച്ച ചെയ്യാൻ കഴിയാതെപോയ ഗവൺമെന്റ് നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി)